# ഏലിയാ സ്ലീവാ മൂശക്കാലം ആറാം ഞായർ

## വിശ്വാസവും രക്ഷയും

**1. മക്കളുടെ അപ്പം നായ്ക്കൾക്ക്**

മക്കളുടെ അപ്പം നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല- ഇതൊരു യഹൂദ പഴമൊഴിയാണ്. (അങ്ങാടിപ്പിള്ളേരും നാട്ടുപിള്ളേരും ഒരുപോലെയല്ല) എന്നുള്ള പഴമൊഴി പോലെ. മക്കളെന്നത് യഹൂദജനത്തെ സൂചിപ്പിക്കുന്നു. ഈശോയുടെ മനുഷ്യാവതാരം പ്രാഥമികമായി യഹൂദരുടെ രക്ഷയെ ലക്ഷ്യംവച്ചു എന്നതുതന്നെ. യഹൂദരല്ലാത്തവരെ നായ്ക്കളോട് ഉപമിക്കുന്നു എന്നത് സാംഗത്യമില്ലാത്ത ഒരു ചർച്ചയാണ്.

**2. കാനാൻകാരിയുടെ വിശ്വാസത്തിന്റെ ആഴം**

രക്ഷയുടെ ആദ്യ ഫലം യഹൂദർക്കാണ് അവകാശപ്പെട്ടതാണ് എന്നു കേട്ടിട്ടും അവന്റെ കൃപയുടെ ഭണ്ഡാരത്തിൽ തനിക്കെന്തെങ്കിലും കിട്ടാതിരിക്കുകയില്ല എന്നുള്ള ശുഭാപ്തിവിശ്വാസമാണ് കാനാൻകാരി സ്ത്രീയെ വേറിട്ടതാക്കുന്നത്. അവകാശവാദങ്ങളേക്കാൾ ദൈവകൃപയ്ക്കു മുമ്പിൽ എളിമപ്പെടുകയാണ് ഉചിതമെന്ന് തിരിച്ചറിഞ്ഞവളാണ് അവൾ. യഹൂദയല്ലാത്തതിന്റെ പേരിൽ അപകർഷതാബോധമോ യഹൂദരോടു വെറുപ്പോ ഒന്നും അവൾ പ്രകടിപ്പിക്കുന്നില്ല. ശാന്തതയോടെ ദൈവകൃപയ്ക്കുവേണ്ടി കാത്തിരുന്നു, അത്രതന്നെ.

## 3. വിശ്വാസം രക്ഷയിലേക്കുള്ള വാതിൽ

ജപമാല മാസം ആരംഭിക്കുകയാണ്. കാനാൻകാരി സ്ത്രീയും കന്യാമറിയവും തമ്മിലുള്ള സാമ്യം എന്താണ്? ദൈവത്തിൽ പരിപൂർണ്ണമായി സ്വയം സമർപ്പിച്ചവരാണ് രണ്ടു പേരും. തങ്ങളുടെ സമ്പൂർണ്ണ സമർപ്പണം ഇരുവരുടെയും രക്ഷയ്ക്ക് കാരണമായി.

- **എന്റെ വിശ്വാസം എന്റെ രക്ഷയ്ക്ക് കാരണമായിട്ടുണ്ടോ?**
- **വിശ്വാസത്തിൽനിന്ന് ദൈവാനുഗ്രഹത്തിന്റെ ആഴങ്ങളിലേക്ക് എനിക്ക് എത്താനായിട്ടുണ്ടോ?**

പരി. അമ്മയെപ്പോലെ, കാനാൻകാരിയെപ്പോലെ ദൈവകരുണയ്ക്കു മുമ്പിൽ എളിമപ്പെടുന്ന ആഴമുള്ള വിശ്വാസികളാകാൻ ഈ ജപമാല മാസത്തിൽ സർവ്വേശ്വരൻ നമ്മെ അനുഗ്രഹിക്കട്ടെ.

**- ഫാ. അജോ രാമച്ചനാട്ട്**